# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1116 30.01.2018 ൽ മറുപടിക്ക്**

## പി.ഡബ്ല്യൂ.ഡി റോഡുകളുടെ അറ്റകുറ്റപ്പണി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.യു. ആർ. പ്രദീപ് | | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് പി.ഡബ്ല്യൂ.ഡി യ്ക്ക് കീഴിൽ എത്ര കിലോമീറ്റർ റോഡ് ഉണ്ടെന്ന് വ്യക്തമാക്കുമോ; | എ) | കേരളത്തിൽ ആകെ **1781.5** കി മീ ദൈർഘ്യമുള്ള **11** ദേശീയപാതകളാണ് ഉള്ളത്. അതിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ അധീനതയിൽ **1558** കി മീ ദൈർഘ്യമുള്ള **10** റോഡുകളാണ് ഉള്ളത്. ബാക്കി **223.5** കി മീ ദൈർഘ്യമുള്ള ദേശീയപാത നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ പരിധിയിലാണ്.<br><br>പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ ആകെ **31812.106** കി മീ റോഡുകൾ ഉണ്ട്. |
| ബി | ഇതിൽ സ്റ്റേറ്റ് ഹൈവേ, മേജർ ഡിസ്ട്രിക് റോഡുകൾ എന്നിവയുടെ കണക്ക് പ്രത്യേകം വ്യക്തമാക്കുമോ; | ബി | **4341.651** കി മീ ദൈർഘ്യമുള്ള സ്റ്റേറ്റ് ഹൈവേയും , **27,470.455** കി മീ ദൈർഘ്യമുള്ള മേജർ ഡിസ്ട്രിക്റ്റ് റോഡുകളും പൊതുമരാമത്ത് വകുപ്പിന് (നിരത്തുകളും പാലങ്ങളും വിഭാഗം) കീഴിൽ ഉണ്ട്. |
| സി) | 2017-18-ൽ റോഡുകളുടെ കുഴി അടയ്ക്കുന്നതടക്കമുള്ള അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കുന്നതിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; ഇതിൽ എത്ര കോടി രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചുവെന്ന് വിശദാംശം വ്യക്തമാക്കുമോ? | സി) | 2017-18-ൽ ദേശീയപാതാ വിഭാഗത്തിലെ വിവിധ റോഡുകളുടെ കുഴി അടയ്ക്കുന്നതടക്കമുള്ള അറ്റകുറ്റപ്പണി നടത്തുന്നതിനായി 12 കോടി 30 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിൽ നിന്നും 8,28,71,914/-രൂപ ചെലവഴിച്ചിട്ടുള്ളതാണ്.<br><br>നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ റോഡുകളുടെ കുഴി അടയ്ക്കുന്നതടക്കമുള്ള അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കുന്നതിന് നാളിതുവരെ 335.689 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 125.777 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ